(ബി) ഉണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ സംസ്ഥാന തലത്തിൽ ഒരു ലേബർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യം വിശദമായി പഠിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് മൂന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വൻകിട തോട്ടങ്ങളിലെ ഡിസ്പെൻസറികൾ

63(966) ശ്രീമതി ആർ. ലതാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരുന്ന വൻകിട തോട്ടങ്ങളിൽ പലയിടങ്ങളിലും ഡിസ്പെൻസറികൾ ഇല്ലാത്തതുമൂലം തൊഴിലാളികൾ വളരെയധികം പ്രയാസപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തോട്ടങ്ങളിലാണ് ഇപ്പോൾ ഈ സൗകര്യമില്ലാത്തതെന്നറിയാമോ;

(സി) 1000-ൽ പരം തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടങ്ങളിൽ അടിയന്തിരമായി ആശുപത്രി സൗകര്യം ഉണ്ടാക്കുന്നതിന് എന്ത് നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(ഡി) ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ തന്നെ യോഗ്യരായ ഡോക്ടർമാരോ മരുന്നോ പാരാമെഡിക്കൽ ജീവനക്കാരോ ലഭ്യമല്ല എന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിന് അടിയന്തിര പരിഹാര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) 1000-മോ അതിൽ കൂടുതലോ തൊഴിലാളികളുള്ള തോട്ടങ്ങളിൽ ആശുപത്രി സൗകര്യം നിലവിലുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

ടി ആർ ആന്റ് ടീ എസ്റ്റേറ്റിലെ തൊഴിൽ പ്രശ്നം

64(967) ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ടി.ആർ.ആന്റ് ടീ എസ്റ്റേറ്റിലെ തൊഴിൽ പ്രശ്നം എന്താണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) എസ്റ്റേറ്റിന്റെ പ്രവർത്തനം എത്രയും വേഗം പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടി.ആർ.ആന്റ് ടീ എസ്റ്റേറ്റിലെ തൊഴിലാളികളുടെ 1998-99 വർഷത്തെ ബോണസ് സംബന്ധിച്ച തർക്കമാണ് നിലവിലുള്ളത്.

(ബി&സി) ലേബർ കമ്മീഷണറും വകുപ്പുമന്ത്രിയും നടത്തിയ അനുരഞ്ജന ചർച്ചകൾ പരാജയപ്പെട്ടതിനെ തുടർന്ന് വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ 12(4) പ്രകാരമുള്ള അനുരഞ്ജന പരാജയ റിപ്പോർട്ട് ലേബർ കമ്മീഷണറാഫീസിൽ നിന്നും 21-2-2000-ൽ ഗവൺമെന്റിൽ കിട്ടിയിട്ടുണ്ട്. ഇത് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന് സബ്ജൂഡിക്കേഷന് വിടുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിലുള്ള സ്ത്രീപുരുഷ വിവേചനം

65(968) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽപ്പെടുന്ന തോട്ടങ്ങളിൽ മെഡിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ സ്ത്രീ പുരുഷവിവേചനം നിലനിൽക്കുന്നതായി അറിയാമോ ;

(ബി) ഈ തോട്ടങ്ങളിൽ സ്ത്രീ തൊഴിലാളികളുടെ ആശ്രിതർക്ക് മെഡിക്കൽ ആനുകൂല്യം നൽകുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) എല്ലാ തോട്ടങ്ങളിലും സ്ത്രീ തൊഴിലാളികൾക്ക് മെറ്റേണിറ്റി ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എഫ്) മെഡിക്കൽ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് സ്ത്രീ പുരുഷ വിവേചനം അവസാനിപ്പിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 1998-ലെ പ്ലാന്റേഷൻ ലേബർ ഭേദഗതി നിയമം നിലവിൽ വന്ന ശേഷം ഇക്കാര്യത്തിൽ സ്ത്രീ പുരുഷ വിവേചനം നിലനിൽക്കുന്നതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly